# വിവേചനത്തിന്റെ വലിയ ആവശ്യം

സാക് പുന്നൻ

WFTW 23 മാർച്ച് 2014

1960 ൽപരം വർഷങ്ങൾക്കുമുൻപ് നിങ്ങൾ പാലസ്തീനിൽ ആയിരുന്നു എന്നും 'നസ്രായനായ യേശു' എന്നൊരാളിന്റെ ശുശ്രൂഷയെക്കുറിച്ചും അദ്ദേഹം രോഗികളെ സൌഖ്യമാക്കുന്നു എന്നും നിങ്ങൾ കേട്ടു എന്ന് സങ്കല്പിക്കുക. നിങ്ങൾ ഇതിനുമുമ്പ് അവനെ നേരിട്ട് കണ്ടിട്ടില്ലാതിരിക്കെ ജരുശലേമിൽ നിങ്ങൾ രോഗശാന്തി ശുശ്രൂഷയിൽ പങ്കെടുക്കുന്ന ഒരു വലിയജനക്കൂട്ടത്തെ കണ്ട് നിങ്ങൾ തല്പരനാകുന്നു. അത് നടത്തുന്നത് 'യേശു' എന്നു വിളിക്കപ്പെടുന്ന ഒരു പ്രാസംഗികനാണെന്നും നിങ്ങൾ കാണുന്നു.

നിങ്ങൾ അടുത്തു ചെന്നപ്പോൾ നിങ്ങൾ കാണുന്നത് വേദിയിൽ യേശു (പ്രാസംഗികൻ) വിനോടൊപ്പം പീലാത്തോസ്, ഹെരോദാവ്, ഹന്നാസ് കയ്യാഫാവ് തുടങ്ങിയവരും ആസനസ്ഥരായിരിക്കുന്നതാണ്. അപ്പോൾ യേശു മുന്നോട്ടു വന്ന് ജനക്കൂട്ടത്തെ അഭിസംബോധന ചെയ്തുകൊണ്ട് പറയുകയാണ്. പാലസ്തീനിലെ മഹാന്മാരും പ്രമുഖരുമായ 2 ഭരണാധികാരികളുടെ സാന്നിദ്ധ്യം കൊണ്ട് ആ ദിവസം അവർ എത്ര ബഹുമാനിക്കപ്പെട്ടിരിക്കുന്നു. വളരെ ആദരണീയരായ ഹെരോദോവും,പീലാത്തോസും അനുഗ്രഹപൂർവ്വം തങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് നമ്മുടെ യോഗത്തെ മാനിക്കുവാനായി വന്നിട്ടുണ്ട്. തന്നെയുമല്ല'ദൈവത്തിന്റെ 2 വലിയദാസന്മാർ, റൈറ്റ് റെവറണ്ട് ഹന്നാസും കയ്യാഫാവും കൂടെ ഈ യോഗത്തെ അനുഗ്രഹിക്കാനായി വന്നിട്ടുണ്ട്.

അനന്തരം 'യേശു' യൂദാ ഇസ്കര്യോത്താവിനെ ശുശ്രൂഷയുടെ സാമ്പത്തിക ആവശ്യങ്ങളെക്കുറിച്ച് ഏതാനും വാക്കുകൾ സംസാരിക്കാനായി ക്ഷണിക്കുന്നു. ശുശ്രൂഷയുടെ എല്ലാ ആവശ്യങ്ങളും നേരിടേണ്ടതിന് പതിനായിര കണക്കിന് ദിനാറുകൾ വേണ്ടി വരുമെന്നതിനെക്കുറിച്ച് യൂദാ സംസാരിക്കുന്നു. 1000 ദിനാറുകളിൽ കൂടുതൽ സംഭാവന ചെയ്യുന്നവർക്ക് വേണ്ടി പ്രത്യേക ഫാറങ്ങൾ വാതിൽ കാവൽക്കാരുടെ കയ്യിൽ ഉണ്ട്. ഇങ്ങനെയുള്ളവർക്കുവേണ്ടി യേശു പ്രത്യേകം പ്രാർത്ഥിക്കാമെന്ന് വാക്കു പറഞ്ഞിട്ടുണ്ട് എന്നു കൂടി യൂദാ പറഞ്ഞു (അവൻ വിശ്വാസിയാണോ അവിശ്വാസിയാണോ എന്ന കാര്യം പ്രസക്തമല്ല എല്ലാ ധനികരായ ആളുകൾക്കും സ്വാഗതം, എത്രയും കൂടുതൽ ധനികരാണോ അത്രയും നല്ലത്) അപ്പോൾ ഹെരോദാവ് എഴുന്നേറ്റ് ഈ ശുശ്രൂഷയ്ക്ക് വേണ്ടി സംഭാവന ചെയ്യുന്ന എല്ലാവർക്കും നികുതി ഇളവ് ചെയ്തു കൊടുക്കുമെന്ന് അറിയിക്കുന്നു. അതിനുശേഷം പിരിവ് ശേഖരിക്കുന്നു. അപ്പോൾ യേശു ചുരുക്കമായി ഒരു സന്ദേശം നൽകുന്നു, ലളിതമനസ്കരായ ആളുകളെ അത്ഭുതപ്പെടുത്തുന്ന ചില അതിശയങ്ങൾ യേശു ചെയ്തു കാണിക്കുന്നു, ഏതാനും രോഗികളെയും അവൻ സൌഖ്യമാക്കുന്നു. അതിനുശേഷം മറ്റാർക്കെങ്കിലും തന്നെ കണ്ടുമുട്ടാൻ കഴിയുന്നതിനു മുൻപ്, ഹെരോദാവ്, പീലാത്തോസ്, ഹന്നാസ്, കയ്യാഫാവ്, യൂദാ ഇസ് കര്യോത്താവ് (പണസഞ്ചികളുമായി) എന്നിവരൊടൊപ്പം റോമൻ രഥത്തിൽ കയറി യേശു യെരുശലേമിലുള്ള ആർച്ച് ബിഷപ്പിന്റെ കൊട്ടാരത്തിലേയ്ക്ക് അവരുടെ കൂടെ വിരുന്നിൽ പങ്കെടുക്കാനായി പോകുന്നു.

എന്നായാലും, ഇതിന്റെ എല്ലാം ഒടുവിൽ, നിങ്ങൾ പുതിയതായി രക്ഷിക്കപ്പെട്ട ഒരുവനാണെങ്കിൽ പോലും, നിങ്ങൾക്കുള്ള ചെറിയ വിവേചനവും പരിചയവും കൊണ്ട് തന്നെ നിങ്ങൾക്ക് അല്പം അസ്വസ്ഥത തോന്നും തന്റെ അപ്പോസ്തലന്മാരായ മത്തായി, പത്രോസ്, യോഹന്നാൻ തുടങ്ങിയവരിൽ നിന്നും നിങ്ങൾ കേട്ടിരിക്കുന്ന യേശുവിനെക്കുറിച്ചുള്ള വിവരങ്ങളുമായി നിങ്ങൾ കണ്ട മേൽ പറഞ്ഞ കാര്യങ്ങൾ യോജിക്കുന്നില്ല.

എന്നു വരികിലും സാത്താൻ നിങ്ങളുടെ അടുത്തുണ്ട്. നിങ്ങളുടെ കാതിൽ മന്ത്രിക്കുവാൻ ഇങ്ങനെ എഴുതിയിരിക്കുന്നു, വിധിക്കരുത്. ' (മത്താ 7 : 1) എന്നാൽ നിങ്ങൾ അവനോടു പറയുക ഇങ്ങനെയും കൂടി എഴുതിയിരിക്കുന്നു, കള്ള പ്രവാചകൻമാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കുകയാൽ ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്ന് ശോധന ചെയ് വിൻ( 1 യോഹ 4:1) ഒടുക്കം നിങ്ങൾ ഒരു നിഗമനത്തിലെത്തിചേരുന്നു. 'ഇതു ഞാൻ കേട്ടിട്ടുള്ള യേശു അല്ല ഇത് തീർച്ചയായും മറ്റൊരേശുവാണ് (2കൊരി 11.4) നിങ്ങൾ ശരിയുമാണ് അത് മറ്റൊരു യേശുവായിരുന്നു. ആ

നിഗമനത്തിലേയ്ക്ക് നിങ്ങൾ എങ്ങനെയാണ് വന്നത്? കാരണം നിങ്ങളിലുള്ള അഭിഷേകം നിങ്ങളോട് താഴെ പറയുന്ന വസ്തുതകൾ പറഞ്ഞു തന്നു. (1 യോഹ 2:19, 20, 27)

(1) യഥാർത്ഥ യേശു തന്റെ ശുശ്രൂഷകൾക്കുവേണ്ടി ഈ ലോകത്തിലെ ഏതെങ്കിലും ഭരണാധികാരികളിൽ നിന്ന് ശുപാർശ അന്വേഷിക്കുകയോ വീണ്ടും ജനിക്കാത്ത മതനേതാക്കന്മാരിൽ നിന്ന് ശുപാർശ തേടുകയോ ചെയ്യുകയില്ല. അവരെ ആരെയെങ്കിലും മുഖസ്തുതി പറഞ്ഞ് പുകഴ്ത്തുകയും ഇല്ല. ഒരിക്കൽ ഒരു ബിഷപ്പ് യേശുവിന്റെ അടുത്ത് വന്നപ്പോൾ യേശു അവനോട് നീ വീണ്ടും ജനിക്കേണ്ട ആവശ്യമുണ്ട് എന്നു പറഞ്ഞു (യോഹ 3: 110) യേശു ഹെരോദാ രാജാവിനെ ഒരു കുറുക്കൻ എന്നു വിളിച്ചു (ലൂക്കോ 13: 31, 32 ) തന്നെയുമല്ല അവനെ കണ്ടുമുട്ടിയപ്പോൾ അവനോട് സംസാരിക്കാൻ പോലും യേശു കൂട്ടാക്കിയില്ല. (ലൂക്കോ 23: 8, 9).

(2) യഥാർത്ഥ യേശു ഒരിക്കലും ആരോടും തന്റെ ശുശ്രൂഷയ്ക്കുവേണ്ടി പണം ആവശ്യപ്പെടുകയില്ല. അവൻ തന്റെ ആവശ്യങ്ങൾ അവന്റെ പിതാവിനോടു മാത്രം അറിയിച്ചു. അപ്പോൾ പിതാവ് ആളുകളെ അല്ലെങ്കിൽ മത്സ്യത്തെപോലും (ഒരവസരത്തിൽ) ഇളക്കി യേശുവിന്റെ ആവശ്യങ്ങൾക്ക് വേണ്ടി കൊടുപ്പിച്ചു(ലൂക്കോ 8: 13,മത്താ 17: 27).

(3) യഥാർത്ഥ യേശു ഒരിക്കലും തന്റെ പ്രാർത്ഥനകളെ ഒരു വിലയ്ക്കും വിൽക്കുകയില്ല. മന്ത്രവാദിയായ ശമര്യാക്കാരൻ ശീമോൻ ഒരിക്കൽ പത്രോസിന്റെ പ്രാർത്ഥനയ്ക്ക് പണം വാഗ്ദാനം ചെയ്തു. എന്നാൽ ദൈവിക ദാനങ്ങളെ വിലകൊടുത്ത് വാങ്ങിക്കാമെന്ന് ചിന്തിക്കത്തക്കവിധമുള്ള അവന്റെ ദുഷ്ടതയെ പത്രോസ് ശാസിച്ചു.( അപ്പോ 8 : 1823)ശീമോൻ പെട്ടെന്നു തന്നെ മാനസാന്തരപ്പെട്ടു. എന്നാൽ അവന്റെ മാനസാന്തരപ്പെടാത്ത അനുഗാമികൾ നൂറ്റാണ്ടുകളായി ധാരാളം ഉണ്ട്. റോമൻ കത്തോലിക്ക പോപ്പുമാർ(ശിമോനെ ശാസിച്ച പത്രോസിന്റെ അനന്തരാവകാശികൾ എന്ന് അവകാശപ്പെടുന്നവർ) എപ്പോഴും അവരുടെ പ്രാർത്ഥനകളെ പണത്തിനു വിറ്റിട്ടുണ്ട്. മാർട്ടിൻ ലൂഥർ തന്റെ സമയത്ത് ഈ തിയ്ക്കെതിരെ പത്രോസിനെപോലെ നിന്നു. എന്നാൽ ലൂഥറിന്റെ പിൻഗാമികൾ (ഇന്നത്തെ പ്രൊട്ടസ്റ്റന്റുകാർ) വീണ്ടും അവരുടെ പ്രാർത്ഥനകളെയും പ്രവചനങ്ങളെയും പണത്തിനു വിൽക്കുന്ന കാര്യത്തിലേയ്ക്ക് മടങ്ങിപോയി. അതിശയമെന്നു പറയട്ടെ ശീമോനെപ്പോലെ അനേകർ അതിനുവേണ്ടി കൊടുക്കുവാൻ മനസ്സുള്ളവരാണ്.

യേശു പ്രത്യേകമായി മുന്നറിയിപ്പു നൽകിയിട്ടുണ്ട്, അവസാന നാളുകളിലെ വഞ്ചന, കഴിയുമെങ്കിൽ വൃതന്മാരെപ്പോലും തെറ്റിച്ചു കളയത്തക്കവിധം നിഗൂഢമായിരിക്കും. പ്രത്യേകിച്ച് അടയാളങ്ങളിലൂടെയും അത്ഭുതങ്ങളിലൂടെയും (മത്താ 24: 24) ഈ കാലത്ത് വൃതന്മാർ വളരെ ശ്രദ്ധയോടെ കരുതിയിരിക്കയും പരിശോധിക്കുകയും ചെയ്യേണ്ട ഏതെങ്കിലും ശുശ്രൂഷ ഉണ്ടെങ്കിൽ അത് അടയാളങ്ങളുടെയും അത്ഭുതങ്ങളുടെയും ശുശ്രൂഷയാണ്. ആരെങ്കിലും യേശു തന്റെ മുറിയിൽ തന്നോടു സംസാരിക്കാൻ വന്നു എന്നു പറഞ്ഞാൽ വിശ്വസിക്കരുതെന്ന് യേശു നമ്മോടു പറഞ്ഞു. (മത്താ 24 : 26 കാണുക) യേശുവിന്റെ ഉയിർത്തെഴുന്നേറ്റ ശരീരം തന്റെ സ്വർഗ്ഗാരോഹണം മുതൽ ഇതുവരെയുള്ള(1900 ൽ കൂടുതൽ) വർഷങ്ങളിൽ ഒരിക്കലും തന്റെ പിതാവിന്റെ വലത്തുഭാഗം വിട്ട് പോന്നിട്ടില്ല. പൌലോസും സ്തെഫാനോസും അവനെ കണ്ടത് അവിടെയാണ്(അപ്പോ: 7:55, 9:3) യോഹന്നാൻ പോലും പത്മോസിൽ യേശുവിന്റെ ഭൌതിക ശരീരം കണ്ടില്ല. എന്നാൽ യേശുവിനെ പ്രതിനിധീകരിക്കുന്ന ചില പ്രതീകങ്ങൾ മാത്രം. (വെളി 1 : 13 16) യേശു സ്വർഗ്ഗം വിടുന്നത് അത് തന്റെ ഭൂമിയിലേക്കുള്ള രണ്ടാം വരവിനുവേണ്ടി മാത്രമായിരിക്കും.

അതുകോണ്ട് ഇന്ന് യേശു അവരുടെ മുറിയിൽ വന്നു എന്ന് അവർ പറഞ്ഞാൽ അവരെ വിശ്വസിക്കരുത്.

എളുപ്പത്തിൽ കബളിപ്പിക്കപ്പെടാവുന്ന വിശ്വാസികളുടെ ഇടയിൽ നിങ്ങൾ ജീവിക്കുമ്പോൾ നാം വിവേചനമില്ലാതെ തുടരരുത്. ദൈവത്തിന്റെ വചനം ഈ അന്ത്യ നാളുകളിൽ ആഗ്രഹിക്കുന്ന ഏവർക്കും വ്യക്തമായ വെളിച്ചം തരുന്നു. നാം ആ വെളിച്ചത്തെ മാത്രം അനുഗമിച്ചാൽ, നാം ഒരിക്കലും വഞ്ചിക്കപ്പെടുകയില്ല.

(മൊഴിമാറ്റം: സൂസമ്മ ജേക്കബ്, ആലപ്പുഴ)